# 2013 - പുതിയ വർഷത്തിൽ എല്ലാ ദിവസവും ആത്മാവിൽ ആയിരിക്കുക.

സാക് പുന്നൻ

WFTW 13 ജനുവരി 2013

കർത്താവിൻറെ ദിവസം യോഹന്നാനു ഒരു വെളിപ്പാട് ലഭിച്ചു (വെളി. 1:10). ആഴ്ചയുടെ ഒന്നാം ദിവസത്തെയാണ് 'കർത്താവിൻറെ ദിവസം' എന്ന് വിളിക്കുന്നത്. കാരണം ആ ദിവസമാണ് യേശു പാപത്തെയും, സാത്താനെയും, മരണത്തേയും ജയിച്ച് ഉയർത്തെഴുന്നേറ്റത്. ആദ്യകാല ശിഷ്യന്മാർ ആഴ്ചയുടെ ഒന്നാം ദിവസം ഒരുമിച്ചു കൂടുകയും പരസ്പരം ഉത്സാഹിപ്പിക്കുകയും, അപ്പം നുറുക്കുകയും ചെയ്തു (അപ്പൊ. പ്ര. 20:7, 1കോരി.16:2). അവർക്ക് പ്രത്യേകതകളുള്ള വേറെ ദിവസങ്ങളില്ല. അവർക്ക് 'ദുഃഖ വെള്ളിയാഴ്ചയോ', 'ഈസ്റ്ററോ', 'ക്രിസ്തുമസ്സോ' ഉണ്ടായിരുന്നില്ല. അവർ പുതിയ ഉടമ്പടിക്ക് കീഴിൽ വന്നു കഴിഞ്ഞിരുന്നതിനാൽ ദിവസങ്ങളും, കാലങ്ങളും നോക്കുന്നതിൽനിന്നു അവർ സ്വതന്ത്രരായിരുന്നു (കൊലോസ്യർ 2:16,17).

യോഹന്നാൻ ആത്മാവിൽ ആയിരുന്നു, അതിനാലാണ് അവൻ ദൈവശബ്ദം കേട്ടത്. നമ്മളും ആത്മാവിൽ ആണെങ്കിൽ ദൈവശബ്ദം കേൾക്കും. നമ്മുടെ മനസ്സ് എവിടെയിരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും അത്. നമ്മുടെ മനസ്സ് ഈ ഭൂമിയിലുള്ളതിലാണ് ഇരിക്കുന്നതെങ്കിൽ നാം കേൾക്കുന്നത് ഭൂമിയിലെ ശബ്ദമായിരിക്കും.

നമുക്കറിയാം, ഉദാഹരണത്തിന്: റേഡിയോ തരംഗങ്ങളിൽ പലവിധ ശബ്ദങ്ങൾ നമുക്ക് ചുറ്റുമുണ്ട്. നമ്മുടെ റേഡിയോ ഏതു ശബ്ദത്തിനായി റ്റ്യൂൺ ചെയ്തിരിക്കുന്നുവോ അതായിരിക്കും നമുക്ക് ലഭിക്കുന്നത്. നിങ്ങൾക്ക് റേഡിയോയിലൂടെ ദൈവവചനവും, സാത്താൻറെ റോക്ക് സംഗീതവും കേൾക്കാം. ഏതുവേണമെന്നുള്ള തിരഞ്ഞെടുപ്പ് നിങ്ങളുടെതാണ്.

അതുപോലെ തന്നെയാണ് നമ്മുടെ മനസ്സും. നാം ആത്മാവിൽ ആണെങ്കിൽ അതായത് ആത്മാവിൻ നിറവിൽ നമ്മുടെ മനസ്സ് ഉയരത്തിലുള്ളതാണ് ചിന്തിക്കുന്നതെങ്കിൽ (കൊലോ. 3:2) നമുക്ക് ദൈവശബ്ദം കേൾക്കുവാൻ സാധിക്കും. എന്നാൽ നമ്മുടെ ശ്രദ്ധ നേടുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന വേറെയും പല ശബ്ദങ്ങൾ വായുവിൽ ഉണ്ട്. എങ്ങനെ കൂടുതൽ പണമുണ്ടാക്കാം എന്ന് പറയുന്ന ശബ്ദം, എങ്ങനെ കുടുംബ സ്വത്തിൻറെ വീതം നേടിയെടുക്കാം എന്ന് പറയുന്ന ശബ്ദം, നിങ്ങളെ ചതിച്ചവരോട് എങ്ങനെ പകരം വീട്ടാം എന്ന് പറയുന്ന ശബ്ദം, നിങ്ങൾക്ക് എതിരെയുള്ള ദുഷ്പ്രചരണത്തെ എങ്ങനെ നേരിടാം എന്ന് പറയുന്ന ശബ്ദം, അങ്ങനെയങ്ങനെ പലതും. സാത്താൻറെ റേഡിയോ നിലയത്തിൽനിന്നും ഭോഷ്ക്ക്, കൈപ്പ്, ഉത്കണ്ഠ തുടങ്ങിയവയാണ് ഇരുപത്തിനാലു മണിക്കൂറും സംപ്രേക്ഷണം ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങൾ ചെയ്യേണ്ടത് ഒന്നേയുള്ളൂ, ട്യൂൺ ചെയ്തു നിങ്ങൾക്ക് ആവശ്യമുള്ളത് എടുക്കുക.

ദൈവം അവരോടു സംസാരിക്കുന്നില്ലയെന്നു പല വിശ്വാസികളും പരാതിപ്പെടുമ്പോൾ അത് ദൈവം സംസാരിക്കാഞ്ഞിട്ടല്ല, അവിടുന്ന് എപ്പോഴും സംസാരിക്കുന്നു, എന്നാൽ അവരുടെ മനസ്സ് ലോകത്തിനും ലോകത്തിൻറെ താല്പ്പര്യങ്ങൾക്കുമായി ട്യൂൺ ചെയ്തിരിക്കുന്നതിനാൽ ദൈവശബ്ദം കേൾക്കാൻ കഴിയുന്നില്ല. ആത്മാവ് കഴിഞ്ഞ നാളുകളിൽ നമുക്കാവശ്യമുള്ളത് വളരെ സംസാരിച്ചിട്ടുണ്ടെന്നു എനിക്ക് ബോദ്ധ്യമുണ്ട്. എന്നാൽ നാം ആത്മാവിൽ അല്ലാതിരുന്നതിനാൽ അതിൽ നിന്നൊന്നും 'എടുത്തില്ല.'

നിങ്ങളൊരു സഭായോഗത്തിലിരുന്നു പ്രസംഗകൻ പറയുന്നത് മുഴുവൻ മനസ്സിലാക്കിയാലും, ആത്മാവ് പറയുന്നതൊന്നും കേൾക്കാതെയിരിക്കാം. എന്നാൽ നിങ്ങളുടെ അടുത്തിരിക്കുന്ന 'ആത്മാവിലുള്ള' ഒരുവൻ യോഹന്നാൻ കേട്ടതുപോലെ ദൈവശബ്ദം കേൾക്കും.

യോഹന്നാൻ ദൈവശബ്ദം വളരെ വ്യക്തമായി കേട്ടു. കാഹളം മുഴങ്ങുന്നതുപോലെയുള്ള ശബ്ദം എന്നാണു അവൻ പറയുന്നത്. അത്ര ശബ്ദത്തോടെയാണ് ദൈവം സംസാരിക്കുന്നത്. എന്നാൽ ചെകിടനായ ഒരാൾ കാഹള ശബ്ദം പോലും കേൾക്കുന്നില്ല.

ദിനം തോറും ആത്മാവിൽ ആയിരിക്കുവാൻ നിങ്ങളെ ഓരോരുത്തരേയും ഞാൻ പ്രബോധിപ്പിക്കുകയും, വെല്ലുവിളിക്കുകയും ചെയ്യുന്നു. പ്രത്യേകിച്ച് ഈ അന്ത്യനാളുകളിൽ പാപത്തെ വേഗം തിരിച്ചറിയുന്നവരായി ദൈവ മുമ്പാകെ എപ്പോഴും താഴ്മയിൽ നടപ്പിൻ. അങ്ങനെയെങ്കിൽ ദൈവ ശബ്ദം കേൾക്കുവാൻ തക്കവണ്ണം നിങ്ങളുടെ ചെവി എപ്പോഴും തുറന്നിരിക്കും.

എല്ലാവർക്കും ഒരു നല്ല പുതുവത്സരം നേരുന്നു.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)